നം. കെ.എസ്.എ.ടി.എസ്.ആർ (പി 3)289/15 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
തിയതി: 16.07.2015

Phone:0487 2331249, Email. lfadtcr@gmail.com

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തൃശൂർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

തോളൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: തോളൂർ ഗ്രാമ പഞ്ചായത്ത് - 2013 - 14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(`4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം തോളൂർ ഗ്രാമ പഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 3-3,3-4,3-10 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരളാ പഞ്ചായത്ത് രാജ് - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും- ചട്ടങ്ങൾ 14,15).

ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ ചർച്ച ചെയ്യേണ്ടതും അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ശേഖരിക്കേണ്ടതുമാണ് (പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(എ)(3)).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം 21(1), (2) എന്നിവ കാണുക.).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ (ഉപരിപത്രം സഹിതം)
3) ഓഫീസ് കോപ്പി.

കെ.എസ്.എ.ടി.എസ്.ആർ(പി 3)289/15 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശൂർ
തിയതി: 16.7.2015, ഫോൺ- 0487 2331249

E.mail- lfadtcr@gmail.com

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമ പഞ്ചായത്തിന്റെ 2013-2014 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994ലെ കേരളാ പഞ്ചായത്ത്രാജ് നിയമം 215(4)-ാം വകുപ്പ് , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ. കെ.ഡി.വർഗ്ഗീസ്, ഡെപ്യൂട്ടി ഡയറക്ടർ

അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കറ്റ്നം/ തിയതി	സർട്ടിഫിക്കറ്റിന്റെ സ്വഭാവം
2013-14	എൽ.എഫ്.ടി.(ഇ3)-1404/14(70)	വിശേഷണങ്ങളില്ലാത്ത സാക്ഷ്യപത്രം.

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

പഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചുകിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

പഞ്ചായത്ത് 12.02.2014 മുതൽ 11.02.2015 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2013-14 സാമ്പത്തികവർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം
12.2.2015 മുതൽ 23.2.2015 വരെ	ശ്രീമതി.സുധാദാസ്,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
	ശ്രീമതി.കെ.കെ.ഗിരിജ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
	ശ്രീമതി. റീനജോസഫ്, അസി.ഓഡിറ്റ് ഓഫീസർ
	ശ്രീ.പ്രശാന്ത്.റ്റി.ജി, അസി.ഓഡിറ്റ് ഓഫീസർ
	ശ്രീമതി.ജോസി.കെ.ജെ, ഓഡിറ്റർ
	ശ്രീ.സുബാഷ്.എ.സി, ഓഡിറ്റർ
	ശ്രീമതി.കാർത്തിക.പി, ഓഡിറ്റർ

നിർവഹണാധികാരികൾ

പ്രസിഡന്റ്

പേര്	*കാലയളവ്*
എൻ.പി.സരോജിനി	1.04.2013 മുതൽ 31.03.2014 വരെ

സെക്രട്ടറി

പേര്	*കാലയളവ്*
വി.ഇ.സുഹറ	1.04.2013 മുതൽ 31.03.2014 വരെ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

	പേര്	*കാലയളവ്*
ധനകാര്യം	ഷീന വിൽസൺ	1.04.2013 മുതൽ 12.06.2013 വരെ
ധനകാര്യം	ശ്രീകല കുഞ്ഞുണ്ണി	13.06.2013മുതൽ 31.03.2014 വരെ
വികസനം	കെ.ജി.പോൾസൺ	1.04.2013 മുതൽ 31.03.2014 വരെ
ആരോഗ്യം/വിദ്യഭ്യാസം	എ.സതീശൻ	1.04.2013 മുതൽ 31.03.2014 വരെ
ക്ഷേമകാര്യം	ശ്രീകല കുഞ്ഞുണ്ണി	1.04.2013 മുതൽ 27.06.2013 വരെ
ക്ഷേമകാര്യം	മേബിൾ മത്തായി	28.06.2013മുതൽ 31.03.2014 വരെ

നിർവഹണോദ്യോഗസ്ഥർ

കൃഷി ഓഫീസർ

പേര്	കാലയളവ്
പി.ജെഷി	1.04.2013 മുതൽ 31.03.2014 വരെ

അസിസ്റ്റന്റ് എൻജിനീയർ

പേര്	കാലയളവ്
സിബി.എ.പി	1.04.2013 മുതൽ 17.05.2013 വരെ
ഷൈന.എം,ജി	18.05.2013 മുതൽ 31.03.2014 വരെ

എച്ച്. എം

പേര്	കാലയളവ്
ലൗലി വർഗീസ്,GWUPS, പോന്നോർ	1.04.2013 മുതൽ 31.03.2014 വരെ
ആഗ്നസ്.പി.പി, GLPS,മുള്ളൂർ	1.04.2013 മുതൽ 31.03.2014 വരെ

മെഡിക്കൽ ഓഫീസർ അലോപ്പതി

പേര്	കാലയളവ്
ഡോ.അനുശീൽ	2013-14 സാമ്പത്തിക വർഷം

മെഡിക്കൽ ഓഫീസർ ഹോമിയോ

പേര്	കാലയളവ്
ബിന്ദു.പി.ഭാസ്കർ	2013-14 സാമ്പത്തിക വർഷം

മെഡിക്കൽ ഓഫീസർ ആയുർവേദം

പേര്	കാലയളവ്
ഡോ.എ.നീലകണ്ഠൻ	2013-14 സാമ്പത്തിക വർഷം

വെറ്റിനറി സർജൻ

പേര്	കാലയളവ്
ഡോ.ഹരീഷ്.പി.എസ്	2013-14 സാമ്പത്തിക വർഷം

വി.ഇ.ഒ

പേര്	കാലയളവ്
ശശിധരൻ.പി.ബി എടക്കളത്തൂർ സർക്കിൾ	1.04.2013 മുതൽ 31.03.2014 വരെ
രാഖി.ടി.ആർ, തോളൂർ സർക്കിൾ	1.04.2013 മുതൽ 17.12.13 വരെ
ബൈജു.വി.ജെ, തോളൂർ സർക്കിൾ	18.12.13 മുതൽ 1.02.14 വരെ
സിന്ധു, തോളൂർ സർക്കിൾ	2.02.14 മുതൽ 31.03.2014 വരെ

ഐ.സി.ഡി.എസ് സൂപ്പർവൈസർ

പേര്	കാലയളവ്
ഷീജ.പി.ജെ	2013-14 സാമ്പത്തിക വർഷം

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും. .

ഭാഗം 2 : വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവു കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 പൊതു വിവരങ്ങൾ

വിസ്തീർണ്ണം	17.20 ച.കി.മീ
വാർഡുകൾ	13
ജനസംഖ്യ	19278
പുരുഷൻ	9574
സ്ത്രീ	9704
ബ്ലോക്ക്	പുഴയ്ക്കൽ
നിയമസഭാ മണ്ഡലം	വടക്കാഞ്ചേരി
ലോകസഭാ മണ്ഡലം	ആലത്തൂർ

1-2 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 27.3.2013 ൽ കൂടിയ പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ അംഗീകരിച്ചു. ഇത് പ്രകാരം പ്രതീക്ഷിത വരവ് 6,23,49,527 രൂപയും പ്രതീക്ഷിത ചെലവ് 6,27,16,027 രൂപയും ആണ്. പിന്നീട് 22.2.14 ൽ സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് അക്രൂവൽ അടിസ്ഥാനത്തിൽ ബജറ്റ് റിവൈസ് ചെയ്യുകയുണ്ടായി. ഇതു പ്രകാരം പ്രതീക്ഷിത വരവ് 4,86,35,355രൂപയും, പ്രതീക്ഷിത ചെലവ് 4,79,23,275 രൂപയും ആണ്.

1-3 വാർഷിക കണക്ക്

വാർഷിക കണക്കുകൾ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരവു ചെലവു കണക്കുകൾ ചുവടെ ചേർക്കുന്നു.

	ആകെ വരവ്	ആകെ ചെലവ്
രസീറ്റ് & പെയ്മെന്റ് പ്രകാരം	4,62,52,706	4,58,94,946
ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം	5,16,25,840	4,96,72,054

1-4 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം മൂന്നു മാസത്തിലൊരിക്കൽ ഗ്രാമസഭ യോഗം ചേരേണ്ടതാണ്. എന്നാൽ ഇപ്രകാരം കൂടിയിട്ടില്ല. 2013-14 സാമ്പത്തിക വർഷം ആകെ മൂന്നു തവണ മാത്രമേ ഗ്രാമസഭ കൂടിയിട്ടുള്ളൂ

1-5 വർക്കിംഗ് ഗ്രൂപ്പുകൾ

2013-14 വർഷം വർക്കിംഗ് ഗ്രൂപ്പുകൾ ഒരു തവണ മാത്രമാണ് കൂടിയിട്ടുള്ളത്.

1-6 പദ്ധതി നടത്തിപ്പ്

ഓഡിറ്റ് വർഷം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ 113 ആണെങ്കിലും നടപ്പാക്കിയ പ്രോജക്ടുകൾ 95 എണ്ണം മാത്രമാണ്. 18 പ്രോജക്ടുകൾ ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്.

1-7 ഫണ്ടുകളുടെ വിനിയോഗം

വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയുടെ മേഖലാടിസ്ഥാനത്തിലുള്ള വിനിയോഗ ശതമാനം ചുവടെ ചേർക്കുന്നു.

പൊതുവിഭാഗം

വിഭാഗം	മേഖല	ബജറ്റ് വിഹിതം	ചെലവായ തുക	ചെലവു ശതമാനം
ജനറൽ	ഉല്പാദനം	613500	499500	81.41
13-ാം ധനകാര്യ കമ്മീഷൻ	ഉല്പാദനം	1172500	1008043	85.97
ജനറൽ	സേവനം	4099280	3685077	89.89
13-ാം ധനകാര്യ കമ്മീഷൻ	സേവനം	1630000	1370000	84.04
റോഡിതരം	സേവനം	2694810	1526864	56.65
ജനറൽ	പശ്ചാത്തലം	1108987	975897	87.99
13-ാം ധനകാര്യ കമ്മീഷൻ	പശ്ചാത്തലം	590591	384373	65.08
ലോകബാങ്ക്	പശ്ചാത്തലം	2773903	2676914	96.5
റോഡ്	പശ്ചാത്തലം	4678931	4566132	97.58

പട്ടികജാതി വിഭാഗം

മേഖല	ബജറ്റ് വിഹിതം	ചെലവായ തുക	ചെലവു ശതമാനം
ഉല്പാദനം	0	0	0
സേവനം	4378951	3484775	79.58
പശ്ചാത്തലം	1346486	1239752	92.07

1-8 ഷോർട്ട് ഫാൾ

ഓഡിറ്റ് വർഷം ഷോർട്ട് ഫാൾ ഉണ്ടായിട്ടില്ല.

1-9 രജിസ്റ്ററുകളുടെ പരിപാലനം

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. അതാത് വർഷങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. 24.9.2010 ലെ സർക്കുലർ നം 86/2010/Fin പ്രകാരമുള്ള കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും മുൻ വർഷങ്ങളിൽ വാങ്ങിയ കമ്പ്യൂട്ടറുകളുടെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ല. എല്ലാ സ്റ്റോക്ക് രജിസ്റ്ററുകളും കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ക്യാഷ്നീക്കിയിരിപ്പ് ഭൗതികപരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് അക്ട് 6(4) വകുപ്പു പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.02.2015 തിയതിയിൽ 3.15pm ന് നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പ് തുകയായ 13,754/- രൂപയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

2-2 സ്ഥാപന തൊഴിൽ നികുതി അപാകതകൾ

2013-14 സാമ്പത്തിക വർഷം ഡി ആൻഡ് ഓ ലൈസൻസ് അനുവദിച്ചത് 406 സ്ഥാപനങ്ങൾക്കാണ്. എന്നാൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയത് 259 സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ്. ഇതിൽ തന്നെ 154 സ്ഥാപനങ്ങളിൽ നിന്ന് അവയുടെ വിറ്റുവരവ് കണക്കിലെടുക്കാതെ കുറഞ്ഞ നികുതി ആയ 120രൂപ വച്ച് രണ്ട് അർദ്ധ വർഷങ്ങളിലായി 240 രൂപയാണ് ഈടാക്കിയിരിക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ലൈസൻസ് നം.	പേര്	വാർഡ്, സർവേ നം. കെട്ടിട നം.	സ്ഥാപനം	പ്രതിദിനം വിറ്റുവരവ്	ഈടാക്കേണ്ട നികുതി	തൊഴിൽ നികുതി ഈടാക്കിയത്	കുറവ്
1	372-ബി3-1406/14	ട്രിജോ.സി.ജോൺ ചിറ്റിലപ്പിള്ളി ഹൗസ്, പി.ഓ.പറപ്പൂർ	7 – 84	ഇലക്ട്രിക്കൽസ് & സാനിറ്ററീസ്	5000	600	120+120 = 240	360
2	390-ബി3-1565/14	ഡേവിസ്.സി.എ. ചിറ്റിലപ്പിള്ളികുന്നത്ത് ഹൗസ് , പി.ഓ.പറപ്പൂർ	7, 502, 373	പെയിന്റ്,സിമന്റ്	2000	360	120+120 = 240	120

മേൽ പ്രകാരം 2013-14 വർഷം തൊഴിൽ നികുതി ഇനത്തിൽ വരവ് നഷ്ടം സംഭവിച്ചുണ്ടെങ്കിൽ ആയത് ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം 8 / 20.02.15)

2-3(b) ഡി&ഓ ലൈസൻസ് ഫീ കുറവ് ഈടാക്കിയത്

2013-14 സാമ്പത്തിക വർഷത്തെ ഡി&ഓ ലൈസൻസ് പരിശോധിച്ചതിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക II, III എന്നിവയിൽ പറയുന്ന നിരക്കിനേക്കാൾ കുറവ് ഈടാക്കിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

ക്രമ നം.	ലൈസൻസ് നം.	പേര്	വാർഡ്, സർവ്വേ നം.,കെട്ടിട നം.	സ്ഥാപനം	ദിവസേന യുള്ള വിറ്റ് വരവ് /മോട്ടോർ എച്ച്.പി	ഡി&ഓ ലൈസൻസ് ഫീ		
						ഈടാക്കാ വുന്നത്	ഈടാ ക്കിയത്	കുറവ്
1	41- B3/962/13	ദി പറപ്പൂർ സർവ്വീസ് സഹകരണ ബാങ്ക് പറപ്പൂർ പി.ഓ	10, 70/8, 14,15,	നീതി മെഡിക്കൽ സ്റ്റോർ	15000	300	100	200
2	62-B3/1036/13	ജിൻജോ തോമസ് കുണ്ട്കുളങ്ങര ഹൗസ് പറപ്പൂർ പി.ഓ	7, 506, 432	റിയൽ ഇലക്ട്രിക്കൽസ്	4000	100	50	50
3	102-B3/1159/13	ഷോപ്പ് മാനേജർ സപ്പളൈകോ,സൂപ്പർ മാർക്കറ്റ് പറപ്പൂർ പി.ഓ	10, 70/8, 154	മാവേലി സ്റ്റോർ	10000ന് മുകളിൽ	300	200	100
4	104-B3/1168/13	ജസ്റ്റിൻ പി. ജോസ് പൊറുത്തൂർ ഹൗസ് പറപ്പൂർ പി.ഓ	7, - -	കോഫീ പൗഡർ തയ്യാറാക്കൽ	10000	200	100	100
5	187-B3/1382/13	അലൻ സി. ജെ. ചിറ്റിലപ്പിള്ളി ഹൗസ് പറപ്പൂർ പി.ഓ	9, 47/1, 268	കണ്ണാടി നിർമ്മാണം	45000	1000	150	850
6	262-B3/1554/13	സെക്രട്ടറി തോളൂർ വ്യാപാരി വ്യവസായി സഹകരണ സംഘം പറപ്പൂർ	7, 66, 550	സൂപ്പർ മാർക്കറ്റ്	10000	200	100	100
7	306-B3/2025/13	കെ.എ.ശശീധരൻ കണ്ടങ്ങത്ത് ഹൗസ് പി.ഓ പോത്തോർ	2, 225/21, 205	ഡൈമണ്ട് പോളിഷിങ്	15 എച്ച്.പി.	200	100	100
8	396	സി.വി. ബാലൻ ചവറാട്ടിൽ ഹൗസ് പി.ഒ.പോന്നോർ	12 - 56	ഓയിൽ മിൽ	10 എച്ച്.പി.	100	50	50
ആകെ								1550

പരാമർശിച്ച പ്രകാരം 2013-14 വർഷം ഡി&ഓ ലൈസൻസ് ഫീ ഇനത്തിൽ കുറവ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-3 ഡി&ഓ ലൈസൻസ് പൊതു അപാകതകൾ

എ) വളരെ കുറഞ്ഞ ഫീസാണ് ഡി&ഓ ലൈസൻസ് ഫീസായി ഈടാക്കികൊണ്ടിരിക്കുന്നത്. മോട്ടോറിന്റെ കുതിരശക്തി അപേക്ഷയിൽ രേഖപ്പെടുത്തി കാണുന്നില്ല. മിക്ക സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിങ്ങ് ഫീ വാങ്ങികാണുന്നില്ല. ക്ലർക്കിന്റെ അന്വേഷണറിപോർട്ടിൽ സെക്രട്ടറിയുടെ ഒപ്പോ, സീലോ തീരുമാനമോ രേഖപ്പെടുത്തി കാണുന്നില്ല. അപേക്ഷകളിൽ കൂടുതൽ എണ്ണത്തിലും വിറ്റുവരവ് രേഖപ്പെടുത്തി കാണുന്നില്ല. അപേക്ഷകൾ കൃത്യമായി പൂരിപ്പിക്കുന്നില്ല. ദിവസ വിറ്റുവരവ് വളരെ കുറവുമാത്രം കാണിക്കുന്നു. ഉദാഹരണം ലൈസൻസ് നം.387 ജ്വല്ലറിയുടെ വിറ്റുവരവ് 1000 രൂപ. ജ്വല്ലറിക്കും ചായക്കടയ്ക്കും 100 രൂപ ലൈസൻസ് ഫീ വാങ്ങിയതായി കാണുന്നു.

അപാകതകൾ പരിഹരിക്കുന്നതിന് അവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഭാഗം -3</u>

<u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

3-1 കുടിവെള്ള ,ജലസേചന പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് -ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചിട്ടില്ല

പണിപൂർത്തിയാക്കിയ കുടിവെള്ള പ്രൊജക്ടുകളുടെ സംരക്ഷണം, നടത്തിപ്പ്, വാർഷികഅറ്റകുറ്റപ്പണി എന്നിവ ഗുണഭോക്തൃ കമ്മിറ്റിയുടെ ചുമതലയാണ്. (ജി.ഒ (എം എസ്) 20/2002 ആസൂത്രണം 6-6-2012 കേരള വികസന പദ്ധതിമാർഗ്ഗരേഖ, സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധിച്ച ഖണ്ഡിക) എന്നാൽ തോളൂർ ഗ്രാമ പഞ്ചായത്ത് ടി പ്രവർത്തനങ്ങൾ ഗുണഭോക്തൃ കമ്മിറ്റിയെ ഏൽപ്പിച്ചിട്ടില്ല. പഞ്ചായത്തിന് കീഴിൽ 2013-2014 വർഷം 19 കുടിവെള്ള പദ്ധതികൾക്കാണ് വൈദ്യുതി ചാർജ്ജ് അടച്ച് വരുന്നത്.ഈ വകയിൽ തനതു ഫണ്ടിൽ നിന്നും പ്രതിമാസം 6708 രൂപ അടവ് വരുന്നുണ്ട്. ഈ സാഹചര്യം ഒഴിവാക്കി കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

3-2 സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പാലിച്ചിട്ടില്ല

ജി.ഒ.പി. 259/2010/ത.സ്വ.ഭ.വ/തിയതി-8.11.2010 പ്രകാരം സെക്രട്ടറി അഥവാ നിർവഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും രൂപീകരിക്കണം. വാങ്ങൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലും മാർഗ്ഗ നിർദ്ദേശത്തിലുമാണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത്. വാങ്ങൽ പ്രക്രിയയിൽ സജീവമായ ഇടപെടലിലൂടെ സുതാര്യത ഉറപ്പു വരുത്തുക, സാധന സേവന ലഭ്യതയിൽ കാര്യക്ഷമത, ഉൽപ്പാദനക്ഷമത, ഗുണനിലവാരം എന്നിവ മെച്ചപ്പെടുത്തുക തുടങ്ങിയവ ലക്ഷ്യമിടുന്നു.

പർച്ചേസ് കമ്മിറ്റി മിനിറ്റ്സ് ബുക്ക് പ്രകാരം 2013-14 വർഷം 15.1.14ന് ഒരു തവണ കമ്മിറ്റി കൂടിയതായി കാണുന്നുവെങ്കിലും മീറ്റിങ്ങിൽ സെക്രട്ടറിയും മറ്റു നിർവഹണ ഉദ്യോഗസ്ഥർ ആരും പങ്കെടുത്തിട്ടില്ല. പ്രസിഡന്റും മറ്റു മൂന്നു മെമ്പർമാരും മാത്രമാണ് പങ്കെടുത്തതായി കാണുന്നത്. സെക്രട്ടറി, ഹെഡ്മിസ്ട്രസ്, വെറ്ററിനറി സർജൻ, കൃഷി ഓഫീസർ തുടങ്ങിയ നിർവഹണ ഉദ്യോഗസ്ഥർ വിവിധ വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും പർച്ചേസ് കമ്മിറ്റി പാസാക്കിയിട്ടില്ല. ഓരോ വാങ്ങലുകൾക്കും വാങ്ങൽ കമ്മിറ്റിയുടെ അംഗീകാരം ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3-3 ലാപ് ടോപ്പ് വാങ്ങി നല്കൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം. 50/14

അടങ്കൽ തുക - ₹50000

ബിൽ നം. 22/13-14, 20.12.13

തുക - 49950 (വികസന ഫണ്ട്)

പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് ലാപ് ടോപ്പ് വാങ്ങി നല്കുന്നതിനായി ഓഡിറ്റ് വർഷം മേൽ വിവരിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. കെ.പി.എം സ്റ്റോർ പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നാണ് ലാപ് ടോപ്പ് വാങ്ങിയിട്ടുള്ളത്. വികസന ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് 5.4.13 ലെ ജി.ഒ.(സാധാ) 915/ തസ്വഭവ പ്രകാരം തനതു ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയാണ് ഈയിനത്തിൽ ചെലവഴിക്കാവുന്നത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച തുക 49950/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-4 വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഓഡിറ്റ് വർഷം വിവിധ പ്രൊജക്ടുകൾക്കായി കേരള വാട്ടർ അതോറിറ്റി, പുഴയ്ക്കൽ ബ്ലോക്ക് എന്നിവയ്ക്ക് കൈമാറിയ തുകയുടെ വിനിയോഗ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. വിനിയോഗ വിശദാംശങ്ങൾ ലഭ്യമാകുന്നതുവരെ ചെലവ് തുക 3100694/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ക്രമ നം	ബിൽ നം തിയതി	തുക	വിശദാംശങ്ങൾ	റിമാർക്സ്
1	25/31.12.13	3,62,500	പ്രൊ.നം 119/14 മനപ്പാട് പറമ്പ് അംബേദ്കർ കോളനി-കുടിവെള്ള പൈപ്പ് ലൈൻ വിപുലീകരണം. കേരള വാട്ടർ അതോറിറ്റി തൃശൂർ ഡിവിഷന് നൽകിയ തുക.	കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തിയതി. 25.3.13

2	24/30.12.13	2,30,000	പ്രൊ.നം 121/14 കോലത്താട്ട് മനപ്പാട് പറമ്പ് പൈപ്പ് ലൈൻ വിപുലീകരണം. കേരള വാട്ടർ അതോറിറ്റി തൃശൂർ ഡിവിഷന് നൽകിയ തുക.	കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തിയതി. 25.3.13
3	23/30.12.13	90,000	പ്രൊ.നം 120/14 കൊള്ളന്നൂർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ കേരള വാട്ടർ അതോറിറ്റി തൃശൂർ ഡിവിഷന് നൽകിയ തുക.	"
4	15/28.10.13 36/20.3.14 37/20.3.14	150000 600000 112500	പ്രോ.നം. 31/14 കടാംതോട് കുടിവെള്ള പദ്ധതി നവീകരണം. കേരള വാട്ടർ അതോറിറ്റി തൃശൂർ ഡിവിഷന് നല്കിയത്.	കരാറിൽപൂർത്തീകരണ തിയതിയില്ല. നാളിതുവരെ പ്രവർത്തി ആരംഭിച്ചിട്ടില്ല.
5	2/26.8.13	763407	പ്രോ.നം 14/14 ഐ.എ.വൈ.(ജനറൽ)	പുഴയ്ക്കൽ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയത്
6	3/26.8.13a	792287	പ്രോ.നം. 15/14 ഐ.എ.വൈ.(എസ്.സി.)	"
	ആകെ	3100694		

3-5 അങ്കണവാടികൾ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും ലഭ്യമായിട്ടില്ല

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിലും പഞ്ചായത്തിലെ അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടില്ല. 21 അങ്കണവാടികൾ ഉണ്ടെങ്കിലും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് 14 എണ്ണം മാത്രമാണ്. 5 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ ഒരു അങ്കണവാടിക്ക് സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിലും കെട്ടിടം നിർമ്മിക്കുന്നതിന് യാതൊരു നടപടി ക്രമങ്ങളും ആരംഭിച്ചിട്ടില്ല. മറ്റുള്ളവയ്ക്ക് സ്ഥലം കണ്ടെത്തേണ്ടിയിരിക്കുന്നു. സ്വന്തമായി കെട്ടിടം ഉള്ള 14 അങ്കണവാടികളിലും കറന്റ് കണക്ഷൻ ലഭ്യമാണെങ്കിലും കുടിവെള്ള സൗകര്യം ലഭ്യമല്ല.

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ ജി.ഒ. (എം.എസ്) 362/2013/ തസ്വഭവ, തിയതി 16.11.13 പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണീച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണം എന്നു പറയുന്നു. സ്ഥലം വാങ്ങുന്നതിന് വേണ്ടി ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായി തുക വകയിരുത്താവുന്നതും എന്നാൽ പ്രോജക്ട് നിർവഹണം നടത്തേണ്ടത് ഗ്രാമ പഞ്ചായത്തുമാണ്.

ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-6 ഗുണഭോക്തൃസമിതിക്കു കീഴിലുള്ള മോട്ടോർ അറ്റകുറ്റപ്പണിക്ക് വികസനഫണ്ട് ചെലവഴിച്ചു

പ്രൊജക്റ്റ് നമ്പർ S0022/14

പേര്- ചാലക്കൽ പടവിന്റെ മോട്ടോർ നന്നാക്കുന്നതിന് ആവശ്യമായസാധനസാമഗ്രികൾ വാങ്ങുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ- കൃഷി ഓഫീസർ

ഫണ്ട് 13- ാംധനകാര്യകമ്മീഷൻ ഗ്രാന്റ്

അടങ്കൽ 50000/-

ചെലവുതുക 45543/-

ട്രഷറി ബിൽ 7/13-14 തി 20/03/14

ഇൻവോയ്സ് നമ്പർ, തിയ്യതി TCR/S-13 II തി 6/11/13 (കെയ്കോ, അരിമ്പൂർ)

ചെക്ക് നമ്പർ, തിയ്യതി 807426 തി 20/03/14

മേൽസൂചിപ്പിച്ച പ്രൊജക്ട് പ്രകാരം ചാലക്കൽപടവ് മോട്ടോർ, പറപ്പൂർ ചാലക്കൽ കർഷക സമാജം പാടശേഖരസമിതിക്ക് കീഴിലുള്ളതാണ്. ജി.ഒ.(എം.എസ്) നം. 225/12/ തസ്വഭവ തി. 18/08/12 പദ്ധതി മാർഗ്ഗരേഖ പ്രകാരം ജലസേചനപദ്ധതികളുടെ നടത്തിപ്പും സംരക്ഷണവും ഗുണഭോക്താക്കളുടെ സമിതിയെ ഏൽപ്പിച്ചുകഴിഞ്ഞാൽ പിന്നീട് തദ്ദേശസ്വയംഭരണസ്ഥാപനം ഈ ആവശ്യത്തിനായി തുക ചെലവഴിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ പാടശേഖരസമിതിയുടെ മോട്ടോറിന്റെ അറ്റകുറ്റപ്പണിക്ക് വേണ്ടി വികസനഫണ്ട് ചെലവഴിച്ചത് ശരിയായ നടപടിയല്ല. 45543/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വ യറി നമ്പർ 9 / 20-02-2015)

3-7 ഗുണഭോക്താക്കൾക്കുള്ള സബ്സിഡിതുക വിതരണം ചെയ്തിട്ടില്ല

പ്രൊജക്റ്റ് നമ്പർ S0013/14

പേര് പുരയിടകൃഷി വികസനം

നിർവ്വഹണ ഉദ്യോഗസ്ഥ കൃഷി ഓഫീസർ

ഫണ്ട് 13- ാംധനകാര്യകമ്മീഷൻ ഗ്രാന്റ്

അടങ്കൽ 507500/-

ചെലവുതുക 447500/-

ട്രഷറി ബിൽ 4/13-14 തി 12/12/13

പുരയിടകൃഷി വികസന പദ്ധതിയിൽ 13-14 സാമ്പത്തികവർഷം വളം വാങ്ങിയതിന് ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനായി ചെലവഴിച്ച 447500/- രൂപയിൽ 442775/- രൂപ വിതരണം ചെയ്തതിന്റെ രേഖ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. താഴെ പറയുംപ്രകാരം സബ്സിഡി തുക വിതരണം ചെയ്തിട്ടില്ല.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	നല്കേണ്ട തുക
1	ഡോൺ മാർട്ടിൻ	925
2	ബിജു പി.എൻ	900
3	എം.വി.ഔസേഫ്	1750
4	കെ.രാമൻനായർ	675
5	സി.റ്റി.ആന്റണി	475
ആകെ		**4725**

വിതരണം ചെയ്യുവാൻ ബാക്കിനിൽക്കുന്ന തുക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. 4725/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-8 നെല്ലുല്പാദന ബോണസ്- 25921രൂപ വിതരണം ചെയ്ത രേഖകൾ സൂക്ഷിച്ചിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു

പുഴക്കൽ, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ എ 33/13-14 തി 14.03.14 നമ്പർ അലോട്ട്മെന്റ് ലെറ്റർ പ്രകാരം നെൽകർഷകർക്ക് ഉല്പാദന ബോണസ് വിതരണം ചെയ്യുന്നതിനായി 25921/-രൂപ ലഭിച്ചിട്ടുണ്ട്. കൃഷി ഓഫീസർ 27/03/14 ലെ 8/13-14 നമ്പർ ബില്ലു പ്രകാരം മാറിയ 25921/- രൂപ അതേ ദിവസം കാഷ്ബുക്കിൽ വരവുവെച്ചിട്ടുണ്ട്. ടി തുക വിതരണം ചെയ്ത രേഖകൾ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. രേഖകളുടെ അഭാവത്തിൽ 25921/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-9 പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം - വർധിപ്പിച്ച നിരക്ക് പ്രാബല്യതിയ്യതി കണക്കിലെടുക്കാതെ അനുവദിച്ചു.

പ്രൊജക്ട് നമ്പർ - S0025/14

പ്രൊജക്ടിന്റെ പേര് - പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ, എടക്കളത്തൂർ

ഫണ്ട് - വികസനഫണ്ട് (എസ്.സി.പി)

അടങ്കൽ - 4,80,000/-

ട്രഷറി ബിൽ നമ്പർ 07/2013-14 തിയ്യതി 02/08/2013

ശ്രീമതി. പാറു w/oകോത, കോലരിക്കൽ വീട്, ചാലക്കൽ, പറപ്പൂർ എന്ന അപേക്ഷകയുടെ മകൾ ശാലിനി സി.കെ.യുടെ വിവാഹം 12.10.2011 നാണ് നടന്നിട്ടുള്ളത്. ടി വിവാഹത്തിന് 12-13 സാമ്പത്തിക വർഷത്തിൽ 03/04/13 ലെ 865049 നമ്പർ ഡി.ഡി പ്രകാരം 30,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിലും ടി ഗുണഭോക്താവിന് 20,000/- രൂപ 03/08/13 ലെ 840311 നമ്പർ ഡി.ഡി പ്രകാരം 20,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നമ്പർ.1152/2013/തസ്വഭവ തി.25/04/2013 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവാഹധനസഹായം 50,000/- രൂപയായി വർധിപ്പിച്ച ഉത്തരവിന് 01/04/2012 മുതലാണ് പ്രാബല്യമുള്ളത്. ടി തിയ്യതിക്ക് മുൻപ് നടന്ന വിവാഹത്തിന് 50,000/- രൂപ ധനസഹായം നൽകിയ നടപടി ശരിയല്ല. ആയതിനാൽ ഗുണഭോക്താവിന് അധികം നൽകിയ 20,000/- രൂപ ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 20,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

3-10 ക്ഷേമ പദ്ധതികൾ അപാകതകൾ

ക്ഷേമ പദ്ധതികളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) വിവിധ ക്ഷേമ പെൻഷനുകൾ അപേക്ഷ ലഭിച്ച് തീർപ്പാക്കുന്നതിനുള്ള സമയപരിധി ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ പ്രകാരം 45ദിവസം മുതൽ 60 ദിവസം വരെയാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ വിവിധ ക്ഷേമ പെൻഷനുകൾ തീർപ്പാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ.നം.	പേര്, വിശദാംശങ്ങൾ	അപേക്ഷാ തിയതി	തീർപ്പാക്കിയ തിയതി
1.	കർഷക തൊഴിലാളി പെൻഷൻ		
	(1)എൻ.കെ. ഔസേഫ് നെയ്യൻ വീട്.	12.7.13	15.11.13
	(2)പി.ഒ.റോസി തൈവളപ്പിൽ	12.7.13	15.11.13
2.	വാർദ്ധക്യ കാല പെൻഷൻ		
	(1)ആന്റോ കെ.എൽ. കുണ്ടുകുളങ്ങര	17.1.14	15.5.14
	(2)ചാക്കോ എ.വി. നെല്ലിയ്ക്ക പറമ്പിൽ	22.1.14	15.5.14
3	വിധവ പെൻഷൻ		
	(1)പുഷ്പവതി, വടക്കുമുറി	6.6.13	4.10.13
	(2)കമല, വടക്കേ പറമ്പിൽ	12.11.13	3.2.14
	(3)രമ സിദ്ധാർദ്ധൻ, പുളിയ്ക്കൽ	22.1.13	4.10.13

2) കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 എ(സി) പ്രകാരം ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ഉണ്ടായിരിക്കണം. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഗ്രാമസഭയുടെ അംഗീകാരം ഉള്ളതായി കാണുന്നില്ല. ക്ഷേമ പെൻഷനുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

3-11 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം.

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആകെ വരവ് 11735555/- രൂപയും ചെലവ് 11684557/- രൂപയും ആണ്. ആക്ഷൻ പ്ലാൻ പ്രകാരം 551 പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും 156 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. വരൾച്ച തടയൽ, വനവല്ക്കരണം എന്നിവയ്ക്കായി തുക ചെലവഴിച്ചിട്ടില്ല. സാധനസാമഗ്രികൾ ഉപയോഗിച്ചു പ്രവൃത്തികൾ ചെയ്തിട്ടില്ല. അതാത് സമയങ്ങളിൽ നടത്തേണ്ട മെയിന്റനൻസ് പ്രവൃത്തികൾ ആണ് കൂടുതലും നടത്തിയിട്ടുള്ളത്. ഈടുററ സ്ഥിരമായ ആസ്തികൾ കുറവാണ്. മേറ്റിന്റെ പ്രവൃത്തികൾ ഒരുസ്ഥലത്ത് ഒററത്തവണ 14 ദിവസത്തേക്ക് എന്ന നിബന്ധന പാലിച്ചിട്ടില്ല. പ്രോജക്ട് ഫയലിൽ പ്രവൃത്തി ഫോട്ടോകൾ, പ്രവൃത്തിക്കുന്നവരുടെ ഗ്രൂപ്പ് ഫോട്ടോകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഉത്തരവ് നംപർ 17232/MNREGS/04/2011/DRD തി 20.04.2011 പ്രകാരം സംസ്ഥാനതല മോണിററിങ്ങ് നടത്തിയിട്ടില്ല.

3-12 വിഷയാധിഷ്ഠിത അവലോകനം 2014-15 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ

തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ പരിശോധനയിൽ താഴെപറയുന്ന നിഷ്ക്രിയാസ്തികൾ കണ്ടെത്തി. വിശദാംശങ്ങൾ താഴെചേർക്കുന്നു.

1.ലക്ഷംവീട് വായനശാല

ആസ്തി ആർജ്ജിച്ച വർഷം	ആസ്തിയുടെ സ്വഭാവം	ചെലവഴിച്ച തുക	ഫണ്ട് ഇനം	റിമാർക്സ്
2005-06	കെട്ടിടം	92230	വികസന ഫണ്ട് (എസ്.സി.പി)	

വായനശാല മന്ദിരത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് വർഷങ്ങളായെങ്കിലും പുസ്തകങ്ങൾ ഇല്ലാത്തതിനാൽ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഈ പദ്ധതിയുടെ പരാജയം ആസൂത്രണത്തിന്റെ കുറവിനാലാണെന്ന് നിരീക്ഷിക്കുന്നു.

(ചിത്രം അനുബന്ധം ഒന്ന് ആയി ചേർക്കുന്നു.)

2.കുടുംബശ്രീയൂണിറ്റിന് മെതിയന്ത്രം

ആസ്തി ആർജ്ജിച്ച വർഷം	ആസ്തിയുടെ സ്വഭാവം	ചെലവഴിച്ച തുക	ഫണ്ട് ഇനം	റിമാർക്സ്
2008-09	യന്ത്രം	50000	വികസന ഫണ്ട് (ജനറൽ)	

വലിയ കൊയ്ത്തുമെതിയന്ത്രങ്ങൾ വ്യാപകമായതോടെ ആവശ്യക്കാരില്ലാതെയായ ഈ മെതിയന്ത്രം ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. പ്രവർത്തിപ്പിക്കാവുന്ന അവസ്ഥയിലല്ലാത്തതിനാൽ പുനരുപയോഗത്തിന് സാധ്യതയില്ല.

(ചിത്രം അനുബന്ധം രണ്ട് ആയി ചേർക്കുന്നു.)

3.എൽ.സി.ഡി.പ്രൊജക്ടർ

ആസ്തി ആർജ്ജിച്ച വർഷം	ആസ്തിയുടെ സ്വഭാവം	ചെലവഴിച്ച തുക	ഫണ്ട് ഇനം	റിമാർക്സ്
2008-09	ഉപകരണം	40000	വികസന ഫണ്ട് (ജനറൽ)	

ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള വിവിധ സ്കൂളുകളിലെ വിദ്യാഭ്യാസത്തിന് സഹായകരമായ ഈ ഉപകരണം നിലവിൽ പ്രവർത്തിക്കുന്നില്ല.

(ചിത്രം അനുബന്ധം മൂന്ന് ആയി ചേർക്കുന്നു.)

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 എ)സാമ്പത്തിക നില 2013-14

ഇനം /ഫണ്ട്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
എ(പ്രദ്ധതിഫണ്ട്)	3965322	15222512	19187834	16053644	3134190
ബി	0	12364683	12364683	12364683	0
സി (മെയ്ന്റനൻസ് ഫണ്ട്)	1046741	6357000	7403741	6122996	1280745
ഡി (ജനറൽ പർപ്പസ് ഫണ്ട്)	1742853	7465688	9208541	6373054	2835487
ഇ (കേന്ദ്രാവിഷ്കൃത ഫണ്ട്)	220277	4791280	5011557	4960559	50998
എഫ്	41125	598	41723	20010	21713
കാഷ്	0	50945	50945	0	50945
ആകെ	7016318	46252706	53269024	45894946	7374078

(ബി)നീക്കിയിരിപ്പിന്റെ വിശദാംശം

ബാങ്ക്/ട്രഷറി	അക്കൗണ്ട് നമ്പർ	നീക്കിയിരുപ്പ് തുക
VPFA 1	1463/1	1754775
VPFA 11	1463/2	1104604
VPFA 111	1463/3	1280745
VPFA 1V	1463/4	631687
VPFA V	1463/5	96989
VPFA V1	1463/6	1300910
PSCB	14099	1080712
SBI(MGNREGS)	3037249613	50998
PSCB(Literacy)	12538	47
SBI(SSA)	30058011412	5892
PSCB(Relief fund)	17628	9784
TDCB(MNലക്ഷം വീട്)	80000142165	5990
Cash in hand		50945
ആകെ		73,74,078

4-2 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഖണ്ഡിക	തിരികെ ഈടാക്കിയതുക		ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസിത് നമ്പർ / തിയ്യതി	ഏതു ഫണ്ടിൽ തിരി ച്ചടച്ചു	ചലാൻ നം. തിയതി
		വരവ് നഷ്ടം	ചെലവ് നഷ്ടം				
2006-07	3-4(1)		4914	മണികണ്ഠൻ വി.പി, കരാറുകാരൻ	11301100466/ 11.7.13	തനത് ഫണ്ട്	
,,	3-4(2)		1543	,,	,,		
,,	3-4(3)		2912	,,	,,		
,,	3-5(1to5)		6800	,,	,,		
,,	,,		680	,,	,,		
,,	3-6		11106	,,	,,		
2006-07	2-1	5000	-	മാനേജർ, കാത്തലിക് സിറിയൻ ബാങ്ക്	11301100479/ 15.7.13	തനത് ഫണ്ട്	
,,	2-2	360	-	എച്ച്.എം, SRCUPS, എടക്കളത്തൂർ	113011007587.9.13	തനത് ഫണ്ട്	
,,	,,	450	-	എച്ച്.എം, St.Johns, പറപ്പൂർ	11301100766/ 9.9.13	തനത് ഫണ്ട്	

2005-06	3-8	-	1599	കെ.കെ.നാരായണൻ, കരാറുകാരൻ.	11301100751/ 6.9.13	തനത് ഫണ്ട്	
1997-98	22		313	കെ.ശങ്കരനാരായണൻ, സെക്രട്ടറി	11301101005/ 10.10.13	തനത് ഫണ്ട്	
2012-13 ലെ ഓഡിറ്റ് പ്രകാരം	-	750	-	ലിജോ എ.റ്റി, ടെക്നിക്കൽ അസിസ്റ്റന്റ്	11301102389/ 19.214	തനത് ഫണ്ട്	
,,	-		100	വി.ബി. ശകുന്തള, സെക്രട്ടറി	1130110386/ 22.6.13	തനത് ഫണ്ട്	
ആകെ		6560	29967				

4-3 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (രസീറ്റ് & പെയ്മെന്റ് പ്രകാരം)	5,16,25,840
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീറ്റ് & പെയ്മെന്റ് പ്രകാരം)	4,96,72,054
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	20000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	32,26,833

ബി) പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
3-9		20000	ശശിധരൻ.പി.ബി, വി.ഇ.ഒ, എടക്കളത്തൂർ
		20000	

സി) തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-3	49950	വി.ഇ.സുഹറ, സെക്രട്ടറി
3-4	3100694	വി.ഇ.സുഹറ, സെക്രട്ടറി
3-6	45543	പി.ജെഷി, കൃഷി ഓഫീസർ
3-7	4725	"
3-8	25921	"
	32,26,833	

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശശിധരൻ.പി.ബി, വി.ഇ.ഒ, എടക്കളത്തൂർ	വി.ഇ.ഒ, തോളൂർ	പുന്നൂർ കളരിക്കൽ ഹൗസ്, പി.ഒ. പോട്ടോർ

ജി) ഓഡിറ്റ് സംഗ്രഹം

ഓഡിറ്റ് വേളയിൽ 14 എൻക്വയറികൾ നൽകുകയുണ്ടായി. ഇതിൽ 12 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

4-4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	റിമാർക്സ്
1966-67	എൽ.എഫ്.ഇ(1)/5717/ 73/ 30.3.74	
1972-73	എൽ.എഫ്.ഇ(2)/1890/ 75/ 25.12.75	
1973-74	എൽ.എഫ്.ഇ(1)/457/ 76/ 24.2.76	
1974-75	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1979-80	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1981-82	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1982-83	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1983-84	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1984-85	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1985-86	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1986-87, 87-88	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1988-89, 89-90	എൽ.എഫ്.ഇ(2)/1624 /97(15) / 05.11.97	
1990-91	എൽ.എഫ്.ഇ(2)/1624 /97(16) / 05.11.97	
1991-92	എൽ.എഫ്.ഇ(2)/590/ 95/ 24.6.96	
1992-93, 93-94	എൽ.എഫ്.ഇ(2)/1905/ 97/19.1.98	
1994-95, 95-96, 96-97	എൽ.എഫ്.ടി.എസ്. 2-1039/ 11, 18.10.11	
1997-98	എൽ.എഫ്.ടി. 18-587/ 02(2)/ 5.7.02	
1998-99(വരവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04	
1998-99(ചെലവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04	
1999-2000	എൽ.എഫ്.ടി. 12-1012/ 2003/ 6.2.04	
2000-01, 01-02 (പ്ലാൻ)	എൽ.എഫ്.ടി. 12-1419/ 2003/ 3.3.07	
2001-02	എൽ.എഫ്.ടി. 12-437/ 08/ 18.7.09/ 29.9.09	
2002-03	എൽ.എഫ്.ടി. 12-436/ 08/ 18.7.09/ 29.9.09	
2003-04	എൽ.എഫ്.ടി. 12-2663/ 08/ 8.3.10/ 13.5.10	
2004-05	എൽ.എഫ്.ടി. 12-2664/08/ 8.3.10/ 13.5.10	
2005-06	എൽ.എഫ്.ടി. 12-590/ 10/ 6.9.10	
2006-07	എൽ.എഫ്.ടി. 12-591/ 10/ 6.9.10	
2007-08	എൽ.എഫ്.ടി.പി 3 – 963/ 12/ 29.9.12	
2008-09	എൽ.എഫ്.ടി.പി 3 –964/ 12/ 29.9.12/4.12.12	
2009-10	എൽ.എഫ്.ടി.പി 3 –965/ 12/ 29.9.12/8.2.13	
2010-11	എൽ.എഫ്.ടി.പി 3 – 966/ 12/ 29.9.12/8.2.13	
2011-12	എൽ.എഫ്.ടി.പി 3 –1108/ 13/ 3.12.13/ 8.1.14	
2012-13	എൽ.എഫ്.ടി.പി 3 –337/ 14/ 28.10.14/ 10.12.14	

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4-5 ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

എ) ചാർജ്ജ്/ സർചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

ഇല്ല

ബി) ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

ഇല്ല.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ്

തൃശ്ശൂർ